# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1384** **13.12.2012-ൽ മറുപടിക്ക്**

## നാദാപുരം - വിവിധ പാലങ്ങളുടെ നിർമ്മാണം

<u>ചോദ്യം</u>

ശ്രീ. ഇ. കെ. വിജയൻ :

നാദാപുരം നിയോജക മണ്ഡലത്തിലെ കല്ലാച്ചേരിക്കടവ്, മേലേ കുരുടൻ കടവ്, തുരുത്തിമുക്ക് പാലങ്ങളുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>മറുപടി</u>

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>
<u>(മരാമത്ത് വകുപ്പു മന്ത്രി)</u>

(എ) കല്ലാച്ചേരിക്കടവ് പാലത്തിനും അപ്രോച്ച് റോഡിനും വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന ഭാഗത്ത് പുരോഗമിച്ചുവരികയാണ്. കണ്ണൂർ ജില്ലയിൽപ്പെടുന്ന ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പ് നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) മേലെ കുരുടൻകടവ് പാലത്തിന്റെ പ്രവൃത്തി, പശുക്കടവ് ഭാഗത്തെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ സ്തംഭനാവസ്ഥയിലാണ്.

(സി) തുരുത്തിമുക്ക് പാലത്തിന് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന ഭാഗത്ത് അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട് ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പ് തടസ്സപ്പെട്ടിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**